മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാല - അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എൽ.എൽ.ബി. കോഴ്സുകൾ - 5 Year BBA. LLB (H), B.Com. LLB (H), B.A. LLB (H), 3 Year Unitary LLB – 2018 അഡ്മിഷൻ മുതൽ പുതുക്കിയ സ്കീം, സിലബസ്, റഗുലേഷൻ എന്നിവ പ്രാബല്യത്തിൽ വരുത്തുന്നത് - ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലാ (യു.ജി,)-യുടെ ശുപാർശകൾ അംഗീകരിച്ചു - ഉത്തരവാകുന്നു.

===================================================================

**അക്കാദമിക് എIV വിഭാഗം**

സ.ഉ.നം: 7109/എIV/2/2018/അക്കാദമിക് പ്രിയദർശിനി ഹിൽസ്, തീയതി: 03.10.2018

===================================================================

വായിക്കുക:- 28/07/2018, 17/09/2018 എന്നീ തീയതികളിൽ നടന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലാ (യു.ജി.) യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്ന എൽ.എൽ.ബി കോഴ്സുകളായ 5 Year BBA. LLB (H), B.Com. LLB (H), B.A. LLB (H), 3 Year Unitary LLB എന്നിവയുടെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 2018 മെയ് 7, 8 തീയതികളിൽ ലോ ഫാക്കൽറ്റീസ്, ലോ കമ്മീഷൻ മെമ്പർ, ജൂറിസ്റ്റുകൾ എന്നിവരെ ഉൾപ്പെടുത്തി എറണാകുളം ഗവ. ലോ കോളേജിൽ വച്ച് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ദ്വിദിന ശില്പശാല സംഘടിപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സിലബസ് ക്രോഡീകരിക്കുന്നതിനും മറ്റുമായി മുകളിൽ പരാമർശിച്ച പേപ്പർ പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലാ (യു.ജി.)-യുടെ യോഗം ചേരുകയുമുണ്ടായി. ടി യോഗതീരുമാനപ്രകാരം എൽ.എൽ.ബി. കോഴ്സുകളായ 5 Year BBA. LLB (H), B.Com. LLB (H), B.A. LLB (H), 3 Year Unitary LLB എന്നിവയുടെ സ്കീം, സിലബസ്, റഗുലേഷൻ എന്നിവ പരിഷ്കരിച്ച് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുകയും, ആയത് 2018 അഡ്മിഷൻ മുതൽ നടപ്പിൽ വരുത്തുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ടി എൽ.എൽ.ബി. കോഴ്സുകളുടെ സിലബസ് റിവിഷനുമായി ബന്ധപ്പെട്ട് ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലാ (യു.ജി.) സമർപ്പിച്ച ശുപാർശകൾ അംഗീകരിച്ച് പുതുക്കിയ സ്കീം, സിലബസ്, റഗുലേഷൻ എന്നിവ 2018 അഡ്മിഷൻ മുതൽ നടപ്പിൽ വരുത്തുന്നതിന് 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അക്കാദമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് ഉത്തരവിടുകയുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായണൻ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. ഡീൻ, ഫാക്കൾട്ടി ഓഫ് ലാ
4. ചെയർമാൻ/മെമ്പേഴ്സ്, ബി.ഒ.എസ്. ഇൻ ലാ (യു.ജി.)
5. ലോ കോളേജ് പ്രിൻസിപ്പൽമാർ
6. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ വിഭാഗം)
7. ഇ.ഐ 29/33/37/ഇ.ബി. II/എസിഎൻ സെക്ഷനുകൾ
8. എസിസി I/II സെക്ഷനുകൾ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9. പി.ആർ.ഒ./റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Sankalan

**സെക്ഷൻ ഓഫീസർ**

ഫയൽ നം. എസിഎ IV/2/ബി.ഒ.എസ് ഇൻ ലാ (യു.ജി.)(2)/2018/അക്കാദമിക്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം